"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പിന്നാക്ക വിഭാഗ വികസന വകുപ്പ് - സംസ്ഥാന ഒ.ഇ.സി. പട്ടികൽ നിന്നും 'ചെമ്മാൻ/ചെമ്മാർ'സമുദായത്തെ നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പിന്നാക്ക വിഭാഗ വികസന (ബി)വകുപ്പ്**

സ.ഉ.(കൈ) നം.9/2021/പി.വി.വി.വ തീയതി,തിരുവനന്തപുരം, 18/09/2021

---

പരാമർശം:-

1. അഖില കേരള ഹിന്ദു ചെമ്മാൻ/സെമ്മാൻ സമാജം സമർപ്പിച്ച 29.01.2020-ലെ അപേക്ഷ
2. പിന്നോക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 14.09.2020 തീയതിയിലെ ബിസിഡിഐആർ/എ3/75/2020 നമ്പർ കത്ത്
3. കേരള സംസ്ഥാന പിന്നാക്കവിഭാഗ കമ്മീഷന്റെ 06.02.2021 തീയതിയിലെ 402/സി/2020/കെ.എസ്.സി.ബി.സി നമ്പർ കത്ത്

**ഉത്തരവ്**

പട്ടിക ജാതി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 'ചെമ്മാൻ/ചെമ്മാർ' സമുദായത്തെ ഒ.ഇ.സി. ലിസ്റ്റിൽ നിന്നും നീക്കം ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് അഖില കേരള ഹിന്ദു ചെമ്മാൻ/സെമ്മാൻ സമാജം അഭ്യർത്ഥിച്ചു.

The Constitution (Scheduled Castes) Orders Second Amendment Act 2002 പ്രകാരം ചെമ്മാൻ/ചെമ്മാർ വിഭാഗത്തെ പട്ടികജാതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നും എന്നാൽ നിലവിൽ സംസ്ഥാന മറ്റർഹ വിഭാഗങ്ങളുടെ (ഒ.ഇ.സി- എസ്.സി) പട്ടികയിലും ടി സമുദായം ഉൾപ്പെട്ടിട്ടുണ്ട് എന്നും സംസ്ഥാന പട്ടികജാതി വിഭാഗ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ മറ്റർഹവിഭാഗങ്ങളുടെ പട്ടികയിൽ (ഒ.ഇ.സി-എസ്.സി) ക്രമനമ്പർ 3 ആയി ഉൾപ്പെട്ടിട്ടുള്ള ചെമ്മാൻ/ചെമ്മാർ വിഭാഗത്തെ ഒ.ഇ.സി പട്ടികയിൽ നിന്നും നീക്കം ചെയ്യാവുന്നതാണെന്നും പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തു. സംസ്ഥാന പട്ടികജാതി വിഭാഗ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ ചെമ്മാൻ/ചെമ്മാർ വിഭാഗത്തെ ഒ.ഇ.സി. പട്ടികയിൽ നിന്നും ഒഴിവാക്കാവുന്നതാണെന്നു പിന്നാക്ക വിഭാഗ കമ്മീഷനും ഉപദേശം നൽകി.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. നിലവിൽ സംസ്ഥാന പട്ടികജാതി വിഭാഗലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ മറ്റർഹവിഭാഗങ്ങളുടെ പട്ടികയിൽ (ഒ.ഇ.സി-എസ്.സി) ക്രമനമ്പർ 3 ആയി ഉൾപ്പെട്ടിട്ടുള്ള ചെമ്മാൻ/ചെമ്മാർ വിഭാഗത്തെ ഒ.ഇ.സി പട്ടികയിൽ നിന്നും നീക്കം ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രണബ്ജ്യോതി നാഥ് ഐ എ എസ്
സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖകത്ത് സഹിതം)
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർക്ക്
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
രജിസ്ട്രാർ, കേരള സംസ്ഥാന പിന്നാക്കവിഭാഗ കമ്മീഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ്
ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, വെള്ളയമ്പലം, തിരുവനന്തപുരം.
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, നന്ദാവനം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
ധനകാര്യവകുപ്പ്
നിയമവകുപ്പ്
ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പ്
കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പിന്നാക്ക വിഭാഗ വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്